പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .83 — 11.06.2012-ൽ മറുപടിക്ക്

# പുതിയാപ്പ ഫിഷിംഗ് ഹാർബറിലെ വാർഫ് നിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. കെ. ശശീന്ദ്രൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | എലത്തൂർ മണ്ഡലത്തിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ നിലവിലുള്ള വാർഫിന്റെ സ്ഥല പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പുതിയ വാർഫ് നിർമ്മിക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) | പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ വാർഫ് ദീർഘിപ്പിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 800 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖ കേന്ദ്ര കൃഷി വകുപ്പിന്റെ 75% കേന്ദ്ര സഹായ പദ്ധതിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രൂപരേഖയിൽ 150 മീറ്റർ നീളത്തിലുള്ള അഡീഷണൽ വാർഫിന്റെ നിർമ്മാണത്തിനായി 530 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് വാർഫ് ഉൾപ്പെടെയുള്ള മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ